**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1041** **25.01.2018-ൽ മറുപടിക്ക്**

**ഇതരസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ നേരിട്ടോ അല്ലാതെയോ പങ്കെടുക്കുന്ന കുറ്റകൃത്യങ്ങൾ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ; | (എ) ഉണ്ട്. കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്ന ചുമതല ആഭ്യന്തര വകുപ്പ് ചെയ്തു വരുന്നു. കൂടാതെ തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തി വരുന്നു. |
| (ബി) സംസ്ഥാനത്ത് ജോലി ചെയ്യാനെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവരവരുടെ സംസ്ഥാനങ്ങളിൽ നിന്നും പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അത്തരത്തിൽ ഒരു നിബന്ധന ഏർപ്പെടുത്തുന്നതിൽ ഭരണപരമായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) മറ്റ് രാജ്യങ്ങളിലുള്ളവർ പോലും ഇതരസംസ്ഥാന തൊഴിലാളികളെന്ന രീതിയിൽ സംസ്ഥാനത്ത് എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ഇത് നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (സി) & (ഡി) ഇത്തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ആവാസ് പദ്ധതിയിൻ കീഴിലെ രജിസ്ട്രേഷൻ നടപടി ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ.